"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലാ പഞ്ചായത്ത് ഓഫീസിലെ ദിവസവേതന / താൽക്കാലിക ഡ്രൈവറായിരുന്ന ശ്രീ. കെ.കെ.ഷിലൈകുമാർ യാത്രാബത്ത ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.2027/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/10/2021

---

പരാമർശം:-

1. ശ്രീ. കെ.കെ.ഷിലൈകുമാർ സമർപ്പിച്ച 28/05/2020 തീയതിയിലെ പരാതി
2. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06.11.2020 ലെ ഡിപി 13 - 1724/20 നം. കത്ത്
3. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19.03.2021 ലെ ഡിപി 13 - 1724/20 നം. കത്ത്

**ഉത്തരവ്**

1. ശ്രീ. കെ.കെ.ഷിലൈകുമാർ സമർപ്പിച്ച പരാമർശം (1) ലെ പരാതിയിൽ ടിയാൻ 2006 - 2010 കാലഘട്ടത്തിൽ എറണാകുളം ജില്ലാ പഞ്ചായത്ത് ഓഫീസിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം ഓടിക്കുന്ന ദിവസവേതന താൽക്കാലിക ഡ്രൈവറായി ജോലി നോക്കിയിരുന്നതായും പ്രസിഡന്റിന് ഔദ്യോഗിക ചുമതലകളുടെ ഭാഗമായി ദീർഘമായ യാത്രകൾ ഉണ്ടായിരുന്നതിനാൽ ദിവസവും 1 8 മണിക്കൂറിൽ അധികം വാഹനം ഓടിക്കുവാൻ ടിയാനെ നിയോഗിച്ചിരുന്നതായും എല്ലാ മാസവും ജില്ലാ പഞ്ചായത്ത് അധികൃതർ ടിയാനിൽ നിന്ന് വൗച്ചർ ഒപ്പിട്ടു വാങ്ങുകയും അത് അനുസരിച്ചുള്ള വേതനം ടിയാൻ കൈപ്പറ്റുകയും ചെയ്തിരുന്നതായും എറണാകുളം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2007 - 08, 2009 - 10, 2010 - 11 വർഷങ്ങളിലായി ആകെ യാത്രാബത്ത ഇനത്തിൽ അനുവദനീയമായതിനെക്കാൾ അധികമായി 46,340/- രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും ആയത് തിരിച്ചടയ്ക്കുന്നതിനായി 2014 ൽ അറിയിപ്പ് ലഭിച്ചതായും ആയതിന് മറുപടി ജില്ലാ പഞ്ചായത്ത് അധികൃതർക്ക് ടിയാൻ 13- 08 - 2015 ൽ നൽകിയിരുന്നതായും അതിനു മറുപടിയായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അധികമായി നൽകി എന്ന് പറയുന്ന തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുമെന്ന് അറിയിക്കുകയും തുടർന്ന് 22-01-2016 ന് റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കുന്നതിന് ബഹു. മുഖ്യമന്ത്രിക്ക് ഒരു പരാതി സമർപ്പിച്ചിട്ടുള്ളതുമാണെന്നും കൂലി നിരക്കിനെ സംബന്ധിച്ചോ വിവിധ ബത്തകൾ സംബന്ധിച്ചാ വിദ്യാഭ്യാസം കുറവുള്ള തനിക്ക് അറിവുള്ളതല്ലെന്നും ദിവസവേതന തൊഴിലാളികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ/ഉത്തരവുകൾ പ്രകാരം കൂലി നിശ്ചയിച്ച് നൽകേണ്ടത് ബന്ധപ്പെട്ട അധികൃതർ ആണെന്നും അനുവദനീയമായതിനെക്കാൾ അധികം യാത്രാബത്ത നൽകിയിട്ടുണ്ടെങ്കിൽ ആയതിനു ഉത്തരവാദികൾ ജില്ലാ പഞ്ചായത്ത് അധികൃതർ ആണെന്നും യാത്രാബത്ത കണക്കാക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ സംഭവിച്ച വീഴ്ചയ്ക്ക് ടിയാനിൽ നിന്നും ആ തുക തിരിച്ച് ഈടാക്കുന്നത് നീതി പൂർവകമല്ല എന്നും ആയതിനാൽ പ്രസ്തുത തുക ടിയാനിൽ നിന്നും ഈടാക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ നിർത്തി വയ്ക്കുന്നതിന് ബന്ധപ്പെട്ട

അധികൃതർക്ക് നിർദ്ദേശം നൽകണമെന്നും അപേക്ഷിച്ചു.

2. എറണാകുളം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ടിൽ യാത്രാബത്ത ഇനത്തിൽ 2007-08 വർഷത്തിൽ 21140/- രൂപയും 2009-10 വർഷത്തിൽ 16800/- രൂപയും, 2010-11 വർ ഷത്തിൽ 8400/- രൂപയും ഉൾപ്പടെ ആകെ 46340/- രൂപ യാത്രാബത്ത പരിധി ബാധകമാകാതെ ടി കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഡ്രൈവറായിരുന്ന ശ്രീ. ഷിലൈകമാറിന് അധികമായി അനുവദിച്ചു നൽകിയിട്ടുണ്ടെന്നും ആയത് തിരികെ ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെന്നും 2007-08, 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിലെ വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും ശ്രീ.ഷിലൈകമാർ ഒപ്പോട്ടു കൂടിയ യാത്രാപ്പടി നോട്ടുകൾ നൽകിയിട്ടുള്ളതും യാത്രാബത്ത കൈപ്പറ്റിയിട്ടുള്ളതാണെന്നും കണ്ടെത്തിയിട്ടുള്ളതായും സർക്കാർ ഡ്രൈവറുടേത് പോലെ ദിവസവേതന ഡ്രൈവർമാർക്കും യാത്രാപരിധി ബാധകമാണെന്ന് ധനകാര്യ എക്സ്പെൻഡിച്ചർ - സി വകുപ്പിന്റെ 04.6.2013 ലെ 43391/എക്സ്പെ.സി-1/13/ധന നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അധികമായി കൈപ്പറ്റിയ തുക പ്രതിമാസം ഒരു നിശ്ചിത തുക വീതം തവണകളായി അടയ്ക്കുവാൻ ആവശ്യപ്പെട്ട് ശ്രീ. ഷിലൈകമാറിന് 23.7.2015 ൽ കത്ത് നൽകിയെങ്കിലും ടിയാന്റെ സാമ്പത്തിക ബുദ്ധിമുട്ടറിയിച്ചു കൊണ്ട് മറുപടി നൽകുകയാണുണ്ടായതെന്നും ഡ്രൈവർ ശ്രീ. ഷിലൈകമാറിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അധികം കൈപ്പറ്റിയ തുക മനുഷ്യത്വപരമായ കാരണങ്ങൾ ചൂണ്ടി കാണിച്ച് തിരിച്ചടവിൽ നിന്നും ഒഴിവാക്കാൻ സർക്കാരിലേക്ക് കത്ത് നൽകിയിരുന്നുവെങ്കിലും സീലിംഗ് പരിഗണിക്കാതെ അധിക യാത്രാബത്ത നൽകിയ നടപടി സാധൂകരിക്കാനാവില്ലെന്ന് 6.8.2014 ലെ 50431/ഇപിഎ2/2013/തസ്വഭവ സർക്കാർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതായും കൂടാതെ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സീലിംഗിൽ അധികരിച്ച് യാത്രാബത്ത അനുവദിച്ചത് അംഗീകരിക്കാൻ സാദ്ധ്യമല്ലായെന്നും, ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സാധിക്കുകയില്ലായെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറും അറിയിച്ചിട്ടുണ്ടെന്നും സർക്കാർ വകുപ്പുകളിൽ നിന്നും ഏതെങ്കിലും തുക അർഹമല്ലാത്തത് കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടയ്ക്കേണ്ടത് ഓരോ വ്യക്തിയുടേയും ബാധ്യതയാണെന്നതിനാൽ ടി കാര്യാലയത്തിൽ നിന്നും അധികമായി കൈപ്പറ്റിയ തുകയായ 46340/- രൂപ (നാല്പത്തിയാറായിരത്തി മൂന്നൂറ്റി നാൽപതു രൂപ മാത്രം) തിരികെ ഈടാക്കുവാനുള്ള റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുകയല്ലാതെ മറ്റൊരു നിർവാഹമില്ലായെന്നറിയിച്ചു കൊണ്ട് 13.3.2020 ൽ ശ്രീ. ഷിലൈകമാറിന് കത്തു നൽകിയിരുന്നുവെങ്കിലും നാളിതുവരെ യാതൊരു തുകയും ടിയാൻ തിരിച്ചടച്ചിട്ടില്ലായെന്ന വിവരവും 04.11.2020 ലെ 1(8) നം. തീരുമാന പ്രകാരം തുക തിരികെ ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ ജില്ലാ പഞ്ചായത്ത് സമിതി തീരുമാനിച്ചിട്ടുള്ളതായും പരാമർശം (2) പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചു.

3. ശ്രീ. ഷിലൈകമാർ യാത്രാബത്ത ഇനത്തിൽ അധികമായി കൈപ്പറ്റിയ തുകയായ 46340/- രൂപ തിരികെ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനായി 'സാന്ത്വനം സ്പർശം-2021' പരാതി പരിഹാര അദാലത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും 2006-2010 വരെ കാലയളവിൽ യാത്രാപ്പടി വാങ്ങി ഡ്രൈവർ സർവീസിൽ നിന്നും വിരമിച്ച് വർഷങ്ങൾ പലതു കഴിഞ്ഞതിനാൽ അധികമായി തുക വാങ്ങിയതിൽ അനുവദിച്ചതാണ് ഒന്നാമത്തെ തെറ്റ് എന്നതെന്നും ഇനി ഒരു പുനഃപരിശോധന സഹായകരമല്ലാത്തതിനാൽ മേൽ സംഖ്യ വസൂലാക്കുന്ന നടപടി അവസാനിപ്പിക്കാൻ അദാലത്തിൽ നിർദേശം നൽകി തീർപ്പാക്കിയിരുന്നതായും മേൽ സാഹചര്യത്തിൽ ഈ സംഖ്യ വസൂലാക്കുന്ന നടപടി അവസാനിപ്പിക്കുവാൻ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവു പുറപ്പെടുവിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിച്ച് ജില്ലാ പഞ്ചായത്ത് സമിതി 16.03.2021 ലെ 6(1) തീരുമാനം എടുത്തിട്ടുള്ളതായും പരാമർശം (3) പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു എറണാകുളം ജില്ലാ പഞ്ചായത്തിലെ ദിവസവേതന ഡ്രൈവറായിരുന്ന ശ്രീ. ഷിലൈകുമാറിന് യാത്രാബത്ത ഇനത്തിൽ അധികമായി നൽകിയ തുക ഓഡിറ്റ് നിരാകരിക്കുകയും ടിയാനിൽ നിന്ന് തുക ഈടാക്കുവാനും നിദേശിക്കുകയും ചെയ്തതിനെതുടർന്ന് 2012 ഏപ്രിൽ മാസത്തിന് മുൻപ് ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയ നടപടിയ്ക്ക് അംഗീകാരം നൽകണമെന്ന് ജില്ലാ പഞ്ചായത്ത് സർക്കാരിനോട് അപേക്ഷിക്കുകയും യാത്രാബത്ത സംബന്ധിച്ച സീലിംഗ് 03/01/2004 ലെ സ.ഉ 04/04/ധന പ്രകാരം നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ 2007-2008 കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി ചെയ്തിരുന്ന ശ്രീ.ഷിലൈകുമാറിന് സീലിംഗ് പരിഗണിക്കാതെ അധിക യാത്രാബത്ത നൽകിയ നടപടി സാധൂകരിക്കാനാവില്ല എന്ന് ജില്ലാ പഞ്ചായത്തിനെ 6.8.2014 ലെ 50431/ഇപിഎ2/2013/തസ്വഭവ സർക്കാർ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിരുന്നു. യാത്രാബത്ത സീലിംഗ് സംബന്ധിച്ച 03.01.2004-ലെ സർക്കാർ ഉത്തരവ 04/2004/ധന നിലനിൽക്കെ ഇതിന് വിരുദ്ധമായി താല്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച ജീവനക്കാരന് യാത്രാബത്ത മാറി നല്കിയ ജില്ലാ പഞ്ചായത്തിന്റെ നടപടി അംഗീകരിക്കാനാകില്ല. എന്നിരുന്നാലും ഇക്കാര്യം സാന്ത്വനം സ്പർശം 2021 പരാതി പരിഹാര അദാലത്തിൽ പരിശോധിക്കുകയും ശ്രീ. ഷിലൈകുമാർ അധികരിച്ച് കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കി തിരിച്ചടയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ അവസാനിപ്പിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യങ്ങളിൽ എറണാകുളം ജില്ലാ പഞ്ചായത്ത് ഓഫീസിലെ ദിവസവേതന / താൽക്കാലിക ഡ്രൈവറായിരുന്ന ശ്രീ. കെ.കെ.ഷിലൈകുമാർ യാത്രാബത്ത ഇനത്തിൽ അധികമായി കൈപ്പറ്റിയ തുകയായ 46340/- രൂപ (നാല്പത്തിയാറായിരത്തി മുന്നൂറ്റി നാൽപതു രൂപ മാത്രം) തിരിച്ചടയ്ക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കികൊണ്ടും ടി തുക തിരിച്ചടയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ അവസാനിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് നിർദേശം നൽകിയും ഉത്തരവ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. കെ.കെ.ഷിലൈകുമാർ, കാട്ടുക്കുളത്ത് വീട്, തേലത്തുരുത്ത്, കുത്തിയതോട്, പുത്തൻവേലിക്കര (വഴി), എറണാകുളം ജില്ല - 683594

സെക്രട്ടറി, ജില്ലാപഞ്ചായത്ത്, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/108/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ